"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആഭ്യന്തര വകുപ്പ് - പോലീസ് വകുപ്പ് - സ്റ്റേറ്റ് പോലീസ് കംപ്ലയിന്റ്സ് അതോറിറ്റി ചെയർമാന് പുതിയ വാഹനം വാങ്ങുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആഭ്യന്തര (ഇ) വകുപ്പ്**

സ.ഉ.(കൈ) നം.269/2024/HOME തീയതി,തിരുവനന്തപുരം, 12-12-2024

---

പരാമർശം:- സംസ്ഥാന പോലീസ് മേധാവിയുടെ 22.06.2023-ലെ ആർ3-98361/2023/പി.എച്ച്.ക്യു 29.102024-ലെ എച്ച്3-195327/2024/പി.എച്ച്.ക്യു എന്നീ നമ്പർ കത്തുകൾ.

**ഉത്തരവ്**

സ്റ്റേറ്റ് പോലീസ് കംപ്ലയിന്റ്സ് അതോറിറ്റി ചെയർമാനായി ബഹു.ജസ്റ്റിസ് ശ്രീ.വി.കെ.മോഹനൻ, സ്ഥാനമേൽക്കുമ്പോൾ അനുവദിച്ചിരുന്ന വാഹനം പഴക്കമുള്ളതാണെന്നും പ്രസ്തുത വാഹനം കഴിഞ്ഞ 6 വർഷത്തിനിടയിൽ 1,05,000 കി.മീ ഓടിയിട്ടുള്ളതാണെന്നും തുടർച്ചയായി തകരാറുകൾ വരുന്നതിനാൽ അറ്റകുറ്റപ്പണികൾ വേണ്ടി വരുന്നുവെന്നും ചെയർമാൻ അറിയിച്ചിട്ടുള്ളതായി സംസ്ഥാന പോലീസ് മേധാവി റിപ്പോർട്ട് ചെയ്തിരുന്നു. ആയതിനാൽ താനൂർ ബോട്ട് ദുരന്തം അന്വേഷിക്കുന്നതിനായി നിയോഗിച്ചിട്ടുള്ള ജുഡീഷ്യൽ കമ്മീഷൻ ചെയർമാന്റെ ചുമതല കൂടി വഹിക്കുന്ന സ്റ്റേറ്റ് പോലീസ് കംപ്ലയിന്റ്സ് അതോറിറ്റി ചെയർമാന്റെ സുഗമമായ ഓഫീസ് പ്രവർത്തനത്തിന് പുതിയ Toyota Innova Hycross (Hybrid) ZX (O) with full option മോഡൽ വാഹനം 2055-00-001-99-21 MV(1) Purchase of Vehicles എന്ന ശീർഷകത്തിൽ നിന്നും 30,37,736/-രൂപ ചെലവഴിച്ച് വാങ്ങുന്നതിന് അനുമതി നൽകണമെന്ന് സംസ്ഥാന പോലീസ് മേധാവി പരാമർശിത കത്ത് പ്രകാരം ആവശ്യപ്പെട്ടിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സ്റ്റേറ്റ് പോലീസ് കംപ്ലയിന്റ്സ് അതോറിറ്റി ചെയർമാന് വേണ്ടി Toyota Innova Hycross (Hybrid) ZX (O) full option മോഡൽ വാഹനം, 2055-00-001-99-21 MV(1) Purchase of Vehicles എന്ന ശീർഷകത്തിൽ നിന്നും 30,37,736/-രൂപ (മുപ്പത് ലക്ഷത്തി മുപ്പത്തിയേഴായിരത്തി എഴുന്നൂറ്റി മുപ്പത്തിയാറ് രൂപ മാത്രം) ചെലവഴിച്ച് വാങ്ങുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിശ്വനാഥ് സിൻഹ
അഡീഷണൽ ചീഫ് സെക്രട്ടറി

സംസ്ഥാന പോലീസ് മേധാവി, കേരളം, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (02.09.2024 ലെ വ്യയം-എ3/355/2023-ധന (2531157) പ്രകാരം).
പൊതുഭരണ (എസ്.സി) വകുപ്പ്. (11.12.2024 ലെ ഇനം നമ്പർ. 2553)

ഡയറക്ടർ, ഐ & പിആർഡി (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Jalaja Kumari M S
സെക്ഷൻ ഓഫീസർ
Date: 13-12-2024 15:31:27

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 11-12-2024

ഫയൽ നം. ഇ3/183/2023/ആഭ്യന്തരം. ഇനം നം: 2553

വിഷയം : ആഭ്യന്തര വകുപ്പ് - സ്റ്റേറ്റ് പോലീസ് കംപ്ലയിന്റ്സ് അതോറിറ്റി ചെയർമാന് Toyota Innova Hycross (Hybrid) ZX(O) വാഹനം വാങ്ങുന്നതിന് അനുമതി നൽകുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു. വിവിധ തരത്തിലുള്ള പഴയ വാഹനങ്ങൾ മാറ്റി പുതിയ വാഹനങ്ങൾ വാങ്ങുമ്പോൾ പഴയ വാഹനങ്ങളുടെ കാലപ്പഴക്കം നിർണ്ണയിക്കുന്നത് സംബന്ധിച്ച് പുതുക്കിയ വ്യക്തമായ മാനദണ്ഡങ്ങൾ തയ്യാറാക്കാൻ ധനകാര്യ വകുപ്പിനെ ചുമതലപ്പെടുത്താനും തീരുമാനിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

ശാരദ മുരളീധരൻ
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തര വകുപ്പ്.

അഡീഷണൽ ചീഫ് സെക്രട്ടറി, ധനകാര്യ വകുപ്പ്.

2553

**കേരള സർക്കാർ**
**(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)**
**മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്**

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | ഇ 3/183/2023/ആഭ്യന്തരം |
| 2 | വകുപ്പ് | : | ആഭ്യന്തര (ഇ) വകുപ്പ് |
| 3 | വിഷയം | : | ആഭ്യന്തര വകുപ്പ് - സ്റ്റേറ്റ് പോലീസ് കംപ്ലയിന്റ്സ് അതോറിറ്റി ചെയർമാന് Toyota Innova Hycross (Hybrid) ZX (O) വാഹനം വാങ്ങുന്നതിന് അനുമതി നൽകുന്നത് - സംബന്ധിച്ച്. |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 18.11.2024 |
| 5 | (i) ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ? | : | അതേ |
| | (ii) സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഉണ്ട് |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ; | : | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | : | ശ്രീമതി. പ്രസീത കെ.സി |
| 8 | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | : | ശ്രീ. ബിശ്വനാഥ് സിൻഹ |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 19.11.2024 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ശ്രീമതി. ശാരദ മുരളീധരൻ |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 03.12.2024 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ. പിണറായി വിജയൻ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 04.12.2024 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 05.12.2024 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പറും തീയതിയും | : | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

സ്റ്റേറ്റ് പോലീസ് കംപ്ലയിന്റ്സ് അതോറിറ്റി ചെയർമാന് പുതിയ വാഹനം വാങ്ങുന്നതിന് അനുമതി നൽകണമെന്ന സംസ്ഥാന പോലീസ് മേധാവിയുടെ അപേക്ഷ സംബന്ധിച്ച വിഷയമാണ് ഈ കുറിപ്പിൽ പരാമർശിക്കുന്നത്.

2) ബഹുമാനപ്പെട്ട ജസ്റ്റിസ് ശ്രീ. വി.കെ. മോഹനൻ സ്റ്റേറ്റ് പോലീസ് കംപ്ലയിന്റ്സ് അതോറിറ്റി ചെയർമാനായി സ്ഥാനമേൽക്കുമ്പോൾ അനുവദിച്ചിരുന്ന KL 01 CD 7098 രജിസ്ട്രേഷൻ നമ്പരായുള്ള Toyota Innova Crysta (2017 Model) വാഹനം വളരെ പഴക്കമുള്ളതാണെന്നും പ്രസ്തുത വാഹനം കഴിഞ്ഞ 6 വർഷത്തിനിടയിൽ 1,05,000 കി.മീ ഓടിയിട്ടുള്ളതാണെന്നും തുടർച്ചയായി തകരാറുകൾ വരുന്നതിനാൽ അറ്റകുറ്റപ്പണികൾ വേണ്ടി വരുന്നുവെന്നും ചെയർമാൻ അറിയിച്ചിട്ടുള്ളതായി സംസ്ഥാന പോലീസ് മേധാവി റിപ്പോർട്ട് ചെയ്തിരുന്നു. അതിനാൽ, സ്റ്റേറ്റ് പോലീസ് കംപ്ലയിന്റ്സ് അതോറിറ്റി ചെയർമാന്റെ ചുമതലയോടൊപ്പം താനൂർ ബോട്ട് ദുരന്തം അന്വേഷിക്കുന്നതിനായി നിയോഗിച്ചിട്ടുള്ള ജുഡീഷ്യൽ കമ്മീഷൻ ചെയർമാന്റെ ചുമതല കൂടി വഹിക്കുന്ന തന്റെ സുഗമമായ ഓഫീസ് പ്രവർത്തനത്തിന് പുതിയ Toyota Innova Hycross (Hybrid) ZX (O) with full option വാഹനം വാങ്ങുന്നതിന് അനുമതി നൽകണമെന്നു സ്റ്റേറ്റ് പോലീസ് കംപ്ലയിന്റ്സ് അതോറിറ്റി ചെയർമാൻ ആവശ്യപ്പെട്ടിരുന്നു. പ്രസ്തുത അപേക്ഷയുടെ അടിസ്ഥാനത്തിൽ, വാഹനം വാങ്ങുന്നതിന് അനുമതി നൽകണമെന്ന് സംസ്ഥാന പോലീസ് മേധാവി അഭ്യർത്ഥിച്ചിരുന്നു.

3) പ്രസ്തുത പ്രൊപ്പോസലിന്മേൽ, ധനകാര്യ വകുപ്പ് മുൻപ് ചുവടെപ്പറയുന്ന അഭിപ്രായം നൽകിയിരുന്നു.

"The AD is informed that request for replacing Toyota Innova Crysta 2017 Model car covered just one Lakh Kilometer cannot be agreed in view of the dire financial situation and the standing economy orders and if the vehicle has frequent mechanical problems as reported action may be taken to execute necessary repairing for not recurring such problems of the vehicle."

4) ഇതിൻ പ്രകാരം പ്രസ്തുത വിവരം സംസ്ഥാന പോലീസ് മേധാവിയെ അറിയിച്ചിരുന്നു. തുടർന്ന് ഇക്കാര്യം ധനകാര്യ വകുപ്പ് പുനഃപരിശോധിക്കുകയും ചുവടെപ്പറയുന്ന അഭിപ്രായം അറിയിക്കുകയും ചെയ്തു:

"സ്റ്റേറ്റ് പോലീസ് കംപ്ലയിന്റ്സ് അതോറിറ്റി ചെയർമാന് Innova Crysta വാഹനം വാങ്ങുന്നതിന് ധന വകുപ്പ് അംഗീകാരം നൽകുന്നു.

ഇതിന് ബഹു. ധനകാര്യ വകുപ്പ് മന്ത്രിയുടെ അംഗീകാരമുണ്ട്.

ഇത് സംബന്ധിച്ച പ്രൊപ്പോസൽ മന്ത്രിയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു.മുഖ്യമന്ത്രി 27.08.2024 ൽ ഉത്തരവ് നൽകിയിട്ടുണ്ട് എന്നും അറിയിക്കുന്നു."

5) ധനകാര്യ വകുപ്പിന്റെ അഭിപ്രായം ലഭിച്ച ശേഷം വാങ്ങേണ്ട വാഹനത്തിന്റെ മോഡൽ, വില, ഏത് ശീർഷകത്തിൽ നിന്നും പ്രസ്തുത ചെലവ് വഹിക്കുമെന്നുമുള്ള വിവരം എന്നിവ സംസ്ഥാന പോലീസ് മേധാവിയോട് ആവശ്യപ്പെട്ടിരുന്നു. ഇതിന് മറുപടിയായി 30,37,736/- രൂപ 2055-00-001-99-21 MV(1) Purchase of Vehicles എന്ന ശീർഷകത്തിൽ നിന്നും ചെലവഴിച്ച് Toyota Innova Hycross (Hybrid) ZX (O) full option model വാങ്ങുന്നതിന്

അനുമതി നൽകണമെന്ന് സംസ്ഥാന പോലീസ് മേധാവി അഭ്യർത്ഥിച്ചിരുന്നു.

6) തുടർന്ന് ഫയൽ ബഹു. മുഖ്യമന്ത്രി മുമ്പാകെ ചംക്രമണം ചെയ്തപ്പോൾ വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ഉത്തരവായി.

## <u>തീരുമാനിക്കേണ്ട വിഷയം</u>

സ്റ്റേറ്റ് പോലീസ് കംപ്ലയിന്റ്സ് അതോറിറ്റി ചെയർമാന് വേണ്ടി ഒരു Toyota Innova Hycross (Hybrid) ZX (O) full option model വാഹനം 2055-00-001-99-21 MV(1) Purchase of Vehicles എന്ന ശീർഷകത്തിൽ നിന്നും 30,37,736/- രൂപ ചെലവഴിച്ച് വാങ്ങുന്നതിന് ഭരണാനുമതി നൽകാവുന്നതാണോ ?

GOVERNMENT OF KERALA
(SHRI. PINARAYI VIJAYAN MINISTRY)
NOTE FOR THE COUNCIL OF MINISTERS

| | | | |
|---|---|---|---|
| 1 | File No. | : | No.E3/183/2023/Home |
| 2 | Department | : | Home (E) Department |
| 3 | Subject | : | Home Department – Purchase of Toyota Innova Hycross (Hybrid) ZX (O) vehicle for the Chairman, State Police Complaints Authority – reg. |
| 4 | Date of Chief Minister's order for placing before the Council. | : | 18.11.2024 |
| 5 | (i) Does the case involve financial commitments/implications | : | Yes |
| | (ii) if the answer to the above is in the affirmative, whether Finance Department has been consulted and their remarks incorporated in the Council Note? | : | Yes |
| 6 | Are any other Departments concerned with the case and if so, have they been consulted and their remarks incorporated in the Note for the Council? | : | No |
| 7 | Name of Joint Secretary who submitted the Draft Note. | : | Smt. Praseetha K.C |
| 8 | Name of Additional Chief Secretary who approved the Draft Note. | : | Sri. Bishwanath Sinha |
| 9 | Date of approval of the Draft Note for the Council by the Additional Chief Secretary | : | 19.11.2024 |
| 10 | Name of Chief Secretary who approved the Draft Note | : | Smt. Sarada Muraleedharan |
| 11 | Date of approval of the Draft Note for the Council by the Chief Secretary | : | 03.12.2024 |
| 12 | Name of Minister who approved the Draft Note | : | Sri. Pinarayi Vijayan |
| 13 | Date of approval of the Draft Note for the Council by the Minister | : | 04.12.2024 |
| 14 | Date of submission of fair copies. | : | 05.12.2024 |
| 15 | Date of decision by the Council of Ministers | : | |
| 16 | Number and date of the G.O./letter communicating the decision. | : | |

# NOTE FOR THE COUNCIL OF MINISTERS

This note deals with the request of State Police Chief for according administrative sanction for the purchase of new vehicle for the Chairman, State Police Complaints Authority.

2) State Police Chief has reported that the Hon'ble Justice Sri.V.K. Mohanan, Chairman, State Police Complaints Authority (SPCA), Kerala has informed that the vehicle bearing Registration No.KL 01 CD 7098, Toyota Innova Crysta (2017 Model), allotted to the Chairman, SPCA while he took charge, was very old one. This vehicle covered more than 1,05,000 kms during the last 6 years and now come under frequent mechanical complaints. Hence the Chairman, SPCA has requested to purchase and allot a black shade new Toyota Innova Hycross (Hybrid) ZX (O) car with full option for the smooth functioning as the Chairman, SPCA as well as the Chairman, Judicial Commission appointed to probe into Tanur Boat Tragedy and other Commission as well. Based on the suggestion of the Chairman, SPCA the State Police Chief has requested to accord sanction for the said purchase.

3) In the proposal Finance Department has earlier offered the following remarks:

"The AD is informed that request for replacing Toyota Innova Crysta 2017 Model car covered just one Lakh Kilometer cannot be

agreed in view of the dire financial situation and the standing economy orders and if the vehicle has frequent mechanical problems as reported action may be taken to execute necessary repairing for not recurring such problems of the vehicle.”

4) Accordingly, the same was informed to the State Police Chief. Later, the Finance Department has reviewed the matter and informed as follows:

"സ്റ്റേറ്റ് പോലീസ് കംപ്ലയിന്റ്സ് അതോറിറ്റി ചെയർമാന് Innova Crysta വാഹനം വാങ്ങുന്നതിന് ധന വകുപ്പ് അംഗീകാരം നൽകുന്നു.

ഇതിന് ബഹു. ധനകാര്യ വകുപ്പ് മന്ത്രിയുടെ അംഗീകാരമുണ്ട്.

ഇത് സംബന്ധിച്ച പ്രൊപ്പോസൽ മന്ത്രിയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു.മുഖ്യമന്ത്രി 27.08.2024 ൽ ഉത്തരവ് നൽകിയിട്ടുണ്ട് എന്നും അറിയിക്കുന്നു."

5) After getting the remarks of Finance Department, the State Police Chief was requested to furnish the model and the price of vehicle along with the details of head of account from where the expenditure to be met. In response the State Police Chief has requested to accord sanction for the purchase of Toyota Innova Hycross (Hybrid) ZX (O) full option model for an amount of Rs.30,37,736/- by meeting the expenditure under the head of account 2055-00-001-99-21 MV(1) Purchase of Vehicles.

6) When the file was circulated to Hon'ble Chief Minister, it has been ordered to place the matter before the Council of Ministers.

## **Point for Decision**

Whether administrative sanction may be accorded for the purchase of a Toyota Innova Hycross (Hybrid) ZX (O) full option model vehicle for the Chairman, State Police Complaints Authority for an amount of Rs.30,37,736/- by meeting the expenditure under the head of account 2055-00-001-99-21 MV(1) Purchase of Vehicles ?